2025 MARCH
15
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# കാനഡക്ക് ഇനി പുതിയമുഖം പ്രധാനമന്ത്രിയായി അധികാരമേറ്റ് മാർക്ക് കാർണി

**ഒട്ടോവ:** കാനഡയുടെ ഇരുപത്തിനാലാം പ്രധാനമന്ത്രിയായി അധികാരമേറ്റ് മാർക്ക് കാർണി. ജസ്റ്റിൻ ട്രൂഡോ ഔദ്യോഗികമായി രാജി സമർപ്പിച്ചതിന് പിന്നാലെയാണ് മാർക്ക് കാർണി അധികാരമേറ്റത്. ഒട്ടാവയിലെ പാർലമെൻറ് സമുച്ചയത്തിൽ നടന്ന സ്ഥാനാരോഹണ ചടങ്ങിൽ ഗവർണർ ജനറൽ മേരി സൈമൺ അധ്യക്ഷത വഹിച്ചു. മുൻ പ്രധാനമന്ത്രിമാർ, ഗവർണർ ജനറൽമാർ തുടങ്ങി രാജ്യത്തെ പ്രമുഖ രാഷ്ട്രീയ നേതാക്കളും ചടങ്ങിൽ പങ്കെടുത്തു. എന്നാൽ രാജിവച്ച ജസ്റ്റിൻ ട്രൂഡോ ചടങ്ങിന് എത്തിയിരുന്നില്ല.



കാർണി മന്ത്രിസഭയിൽ 24 അംഗങ്ങളാണുള്ളത്. ട്രൂഡോ സർക്കാരിലെ 17 മന്ത്രിമാരെ ഒഴിവാക്കിയിട്ടുണ്ട്. രണ്ട് ഇന്ത്യൻ വംശജരും മന്ത്രിസഭയിലുണ്ട്. അനിത ആനന്ദ് മിനിസ്ട്രി ഓഫ് ഇന്നോവേഷൻ ശാസ്ത്ര വ്യവസായ മന്ത്രിയാകും. കമൽ ഖേരക്ക് ആരോഗ്യ മന്ത്രിയാകും. മെലണി ജോണി വിദേശകാര്യ മന്ത്രിയാകും. ട്രൂഡോ സർക്കാരിലെ ധനമന്ത്രി ഡൊമിനിക് ലെ ബ്ലാങ്ക് പുതിയ അന്താരാഷ്ട്ര വ്യാപാര മന്ത്രിയാകും.

ഫ്രാൻസ്വാ ഫിലിപ്പെയാകും പുതിയ ധനമന്ത്രി. അതേ സമയം അടുത്ത ആഴ്ച്ച യൂറോപ്പ് സന്ദർശിക്കാനൊരുങ്ങുകയാണ് കാർണി. ബ്രിട്ടൻ, ഫ്രാൻസ് എന്നീ രാജ്യങ്ങളിലെത്തുന്ന കാർണി, യു കെ പ്രധാനമന്ത്രി, ഫ്രഞ്ച് പ്രസിഡൻറ് എന്നിവരുമായും ചർച്ചകൾ നടത്തും. അമ്പത്തിയൊമ്പതുകാരനായ കാർണി സാമ്പത്തിക ശാസ്ത്രജ്ഞൻ കൂടിയാണ്.

## 2028ൽ ഇന്ത്യ ലോകത്തിലെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാകും; ജിഡിപി 5.7ലക്ഷം കോടി ഡോളർ ആകും: മോർഗൻ സ്റ്റാൻലി

**മുംബൈ:** ഇന്ത്യ 2028ൽ ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി മാറുമെന്ന് ആഗോള ധനകാര്യ സേവനസ്ഥാപനമായ അമേരിക്കയിലെ മോർഗൻ സ്റ്റാൻലി. ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപാദനം ( ജിഡിപി) 2028ൽ 5.7 ലക്ഷം കോടി ഡോളർ ആയി ഉയരുമെന്നും മോർഗൻ സ്റ്റാൻലി റിപ്പോർട്ട് പറയുന്നു.

മാത്രമല്ല, ഇന്ത്യയുടെ സമ്പദ്ഘടന 2026ൽ തന്നെ ലോകത്തെ നാലാമത്തേതായി മാറുമെന്നും മോർഗൻ സ്റ്റാൻലി കണക്കുകൂട്ടുന്നു. യുഎസ്, ചൈന, ജർമ്മനി എന്നീ രാജ്യങ്ങൾ കഴിഞ്ഞാൽ നാലാമത്തെ സാമ്പത്തിക ശക്തിയായി ഇന്ത്യ ഉയരും. 2026ൽ ഇന്ത്യയുടെ മൊത്ത ആഭ്യന്തര ഉൽപാദനം 4.7 ലക്ഷം കോടി ഡോളർ ആയി ഉയരുമെന്നും മോർഗൻ സ്റ്റാൻലി പ്രവചിക്കുന്നു.

1990ൽ ഇന്ത്യയിലെ 12ാമത്തെ മാത്രം സാമ്പത്തിക ശക്തിയായിരുന്നു ഇന്ത്യ. എന്നാൽ 2000ൽ ഇന്ത്യ വീണ്ടും 13ാം സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. 2020ൽ ഒമ്പതാം സ്ഥാനത്തായ ഇന്ത്യ 2023ൽ അഞ്ചാം സ്ഥാനത്തെത്തി.

ലോകത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിൽ ഇന്ത്യയുടെ പങ്കാളിത്തം ഇപ്പോൾ 3.5 ശതമാനം ആണെങ്കിൽ 2029ൽ അത് 4.5 ശതമാനമായി ഉയരും. മോർഗൻ സ്റ്റാൻലി ഇപ്പോഴത്തെ ഇന്ത്യയുടെ സ്ഥിതിയും ആഗോള സാഹചര്യവും കണക്കിലെടുത്ത് മൂന്ന് സാഹചര്യങ്ങളാണ് പ്രവചിക്കുന്നത്. ഒരു ബെയർ (മാന്ദ്യം) സാഹചര്യമാണെങ്കിൽ ഇന്ത്യയുടെ ജിഡിപി 2025ലെ 3.65 ലക്ഷം കോടി ഡോളറിൽ നിന്നും 2035ൽ എത്തുമ്പോഴേക്കും 6.6 ലക്ഷം കോടി ഡോളർ ആയി ഉയരും.



## മടങ്ങി വരവിനൊരുങ്ങി സുനിത വില്യംസ്; ക്രൂ 10 വിക്ഷേപണം വിജയം

**വാഷിങ്ടൻ:** സ്പേസ് എക്സിന്റെ ക്രൂ10 വിക്ഷേപണം വിജയം. ഫ്ലോറിഡയിലെ കെന്നഡി സ്പേസ് സെന്ററിൽ നിന്നാണ് ഫാൽക്കൺ 9 റോക്കറ്റിൽ ക്രൂ 10 വിക്ഷേപിച്ചത്. ഇന്ത്യൻ സമയം പുലർച്ചെ 4.33നായിരുന്നു (പ്രാദേശിക സമയം വൈകിട്ട് 7.03ന്) വിക്ഷേപണം. നാസയും സ്പേസ്എക്സും ചേർന്നാണ് നേതൃത്വം നൽകിയത്. ഒമ്പത് മാസമായി രാജ്യാന്തര ബഹിരാകാശ നിലയത്തിൽ (ഐഎസ്എസ്) കുടുങ്ങിക്കിടക്കുന്ന ബഹിരാകാശയാത്രികരായ സുനിത വില്യംസിനെയും ബുച്ച് വിൽമോറിനെയും തിരികെ എത്തിക്കാനുള്ള ദൗത്യമാണ് വിജയകരമായി വിക്ഷേപിച്ചത്.

കഴിഞ്ഞ വർഷം ജൂണിലാണ് സുനിതയും ബുച്ച് വിൽമോറും ഐഎസ്എസിൽ കുടുങ്ങിയത്. ക്രൂ ഫ്ലൈറ്റിന്റെ ബോയിങ് സ്റ്റാർലൈനർ ബഹിരാകാശ പേടകത്തിലെ പ്രൊപ്പൽഷനിൽ തകരാർ സംഭവിച്ചിരുന്നു. ഇതോടെ ഇവരുടെ ഭൂമിയിലേക്കുള്ള യാത്ര അനിശ്ചിതത്വത്തിലായി.

4 പുതിയ ബഹിരാകാശ സഞ്ചാരികളും പേടകത്തിലുണ്ട്. നാസയുടെ തന്നെ ആനി മക്ലെയിൻ, നിക്കോൾ അയേഴ്സ്, ജാപ്പനീസ് ബഹിരാകാശ ഏജൻസിയായ ജാക്സയിലെ തകുയ ഒനിഷി, റഷ്യൻ റോസ്കോസ്മോസിന്റെ കിറിൽ പെസ്കോവ് എന്നിവരാണ് ക്രൂ 10 ദൗത്യത്തിന്റെ ഭാഗമായി ഐഎസ്എസിലേക്ക് യാത്ര തിരിച്ചത്.

ക്രൂ10ലെ ബഹിരാകാശയാത്രികർ ഐഎസ്എസിൽ എത്തിക്കഴിഞ്ഞാൽ സുനിത വില്യംസ്, നിക്ക് ഹേഗ്, ബുച്ച് വിൽമോർ, റോസ്കോസ്മോസ് ബഹിരാകാശയാത്രികൻ അലക്സാണ്ടർ ഗോർബുനോവ് എന്നിവരുൾപ്പെടെയുള്ളവർക്ക് തിരികെ വരാൻ സാധിക്കും. ഫാൽക്കൺ 9 റോക്കറ്റിന്റെ ആദ്യ വിക്ഷേപണം സാങ്കേതിക പ്രശ്നം കാരണം നേരത്തെ മാറ്റിവച്ചിരുന്നു.

## സ്വർണം കുതിക്കുന്നു: പവന് 65,840 രൂപയായി

**കൊച്ചി:** സ്വർണ വിലയിൽ റെക്കോഡ് മുന്നേറ്റം. വെള്ളിയാഴ്ച പവന്റെ വില 880 രൂപ കൂടി 65,840 രൂപയായി. ഗ്രാമിന് 8120 രൂപയുമായി. 64,960 രൂപയായിരുന്നു കഴിഞ്ഞ ദിവസം പവന്റെ വില.



ആഗോള വിപണിയിൽ സ്പോട് ഗോൾഡ് വില ട്രോയ് ഔൺസിന് 2,990.09 ഡോളർ നിലവാരത്തിലെത്തിയശേഷം നേരിയതോതിൽ താഴ്ന്നു. 2,983.78 ഡോളർ നിലവാരത്തിലാണ് വ്യാപാരം നടക്കുന്നത്.

ഹോളി പ്രമാണിച്ച് കമ്മോഡിറ്റി വിപണിയായ എംസിഎക്സിൽ രാവിലത്തെ സെഷന് അവധിയാണ്. വൈകീട്ടാണ് ഇനി വ്യാപാരം നടക്കുക. 87,775 നിലവാരത്തിലായിരുന്നു കഴിഞ്ഞ ദിവസത്തെ ക്ലോസിങ്.

ട്രംപിന്റെ താരിഫ് നയങ്ങളിലെ അനിശ്ചിതത്വം തുടരുന്നതാണ് സ്വർണം നേട്ടമാക്കിയത്. രാജ്യങ്ങൾ തമ്മിൽ തീരുവ യുദ്ധം തുടരുന്നത് ആഗോള വിപണിയിൽ സ്വർണത്തിന്റെ ഡിമാൻഡ് ഉയർത്തി.



# കർഷകരുമായുള്ള ആത്മബന്ധം കാർഷികസർവകലാശാലകളുടെ പ്രവർത്തനത്തിന് കരുത്തേകും: മന്ത്രി പി പ്രസാദ്

**തിരുവനന്തപുരം:** പുതിയ കാലത്തെ പ്രതിസന്ധികളെ തരണം ചെയ്യാൻ കർഷകരെ പ്രാപ്തരാക്കാനും കർഷകരുമായി ആത്മബന്ധം പുലർത്താനും കാർഷിക സർവകലാശക്ക് കഴിയണമെന്നും ഇത് മുന്നോട്ടുള്ള സർവകലാശാലയുടെ പ്രവർത്തനങ്ങൾക്ക് കരുത്തേകുമെന്നും കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ് പറഞ്ഞു. കേരള കാർഷിക സർവകലാശാല, നബാർഡ്, വെസ്റ്റേൺ സിഡ്നി സർവകലാശാല എന്നിവയുടെ സംയുക്ത സഹകരണത്തിൽ കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് പിൻതുണ നൽകുന്ന കെ അഗ്ടെക് ലോഞ്ച്പാഡ് പദ്ധതിയുടെ ഉദ്ഘാടനം വെള്ളായണി കാർഷിക സർവകലാശാല ഇൻഡോർ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ നിർവഹിക്കുകയായിരുന്നു മന്ത്രി.

15 കോടി രൂപയുടെ ഗ്രാന്റ് ഒരു പദ്ധതിക്ക് കേരളത്തിൽ ലഭിക്കുന്ന ആദ്യ സർവകലാശാലയാണ് കേരള കാർഷിക സർവകലാശാല. കാർഷിക സർവകലാശാല പ്രോ ചാൻസലർ എന്ന പദവിയിലെത്തുമ്പോൾ തന്റെ കരുത്ത് കൃഷിയുമായുള്ള ആത്മബന്ധവും ആ മേഖലയോടുള്ള താൽപര്യവുമായിരുന്നുവെന്ന് മന്ത്രി പറഞ്ഞു. 50 വർഷങ്ങളായി കാർഷിക സർവകലാശാല നേടിയ നേട്ടങ്ങൾ, നേരിടുന്ന പ്രയാസങ്ങൾ, പ്രതിസന്ധികൾ ഇവയെല്ലാം ആദ്യ ഘട്ടത്തിൽ തന്നെ സംസ്ഥാന ഗവൺമെന്റ് സൂക്ഷ്മമായി പരിശോധിച്ചു.

സർവകലാശാലയുടെ റാങ്കിംഗ്, സർവകലാശാല കൊണ്ട് കർഷകർക്കുണ്ടാകുന്ന പ്രയോജനം എന്നിവയും പരിശോധിച്ച് നടപടികൾ സ്വീകരിച്ചു. ഇന്ന് ദേശീയ തലത്തിൽ 15ാം റാങ്കിലേക്ക് കേരള കാർഷിക സർവകലാശാല എത്തുകയും 15 പേറ്റന്റുകൾ നേടുകയും ചെയ്തു എന്നത് അഭിമാനകരമാണ്. കർഷക മേഖലയിലെ സംരഭകർ അഗ്രിപ്രണഴ്സ് എന്ന പേരിൽ അറിയപ്പെടുന്ന കാലമാണിത്. കാലാവസ്ഥ വ്യതിയാനവും പ്രകൃതി ദുരന്തങ്ങളും നേരിടേണ്ടി വരുന്ന കാലത്ത് കേരളത്തിലെ കർഷകരുടെ പ്രതീക്ഷയാണ് കാർഷിക സർവകലാശാല. വേഗത്തിൽ വിളവെടുക്കാൻ കഴിയുന്ന കൃഷിരീതികളും സാങ്കേതിക അറിവുകളും നൽകുക എന്ന ദൗത്യം സർവകലാശാല നിറവേറ്റുന്നു.

കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സഹായത്തിനായും കാർഷിക ബിസിനസ് സംരഭങ്ങൾക്കുമായാണ് ഗഅജജഇഛ എന്ന ആശയത്തിലേക്ക് സംസ്ഥാന സർക്കാർ എത്തുന്നത്. വിളവെടുക്കലിന് ശേഷം വിലയിടിവ്, വിപണനത്തിലെ ഏകോപന കുറവ് എന്നീ വിവിധ കാരണങ്ങൾ കൊണ്ട് ഒരു വർഷം 1,500 കോടി രൂപയുടെ നഷ്ടം കാർഷിക മേഖലയിൽ സംഭവിക്കുന്നു എന്നാണ് കണക്ക്. ഇതിൽ 1,400 കോടി രൂപയുടെ നഷ്ടം കർഷകന്റെയാണ് എന്നത് ഗൗരവകരമാണ്. ദ്വിതീയ കാർഷിക മേഖലയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ നിർമാണം, കോൾഡ് സ്റ്റോറേജ് സംവിധാനങ്ങടക്കം ഉപയോഗിച്ച് കാർഷിക ഉൽപ്പന്നങ്ങളുടെ സംരക്ഷണം, വിപണനം എന്നിവ ശക്തമാക്കിയാകണം നഷ്ടം ഇല്ലാതാക്കേണ്ടത്.

ഇതിനായി ബിസിനസ് സ്റ്റാർട്ടപ്പുകൾ വരണം എന്നതാണ് സർക്കാർ നിലപാട്. ഈ പശ്ചാത്തലത്തിൻ കാർഷിക മേഖലയിലെ ബിസിനസ് ആശയങ്ങൾക്കും സംരഭങ്ങൾക്കുമുള്ള മികച്ച വേദിയായി കെഅഗ്ടെക് ലോഞ്ച്പാഡ് മാറും. സ്ത്രീ സംരഭകർക്ക് പ്രാമുഖ്യം നൽകുന്നു എന്നത് ഈ പദ്ധതിയുടെ പ്രത്യേകതയാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസടക്കമുള്ള നവീന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കാർഷിക മേഖലയിലെ പ്രതിസന്ധികളെ തരണം ചെയ്യാൻ കഴിയണം. സിഡ്നി വെസ്റ്റേൺ സർവകലാശാല, നബാർഡടക്കം ഈ സംരഭത്തിന് പിൻതുണ നൽകുന്ന എല്ലാവർക്കും നന്ദി അർപ്പിക്കുന്നതായും മന്ത്രി പറഞ്ഞു.

എം വിൻസന്റ് എം എൽ എ അധ്യക്ഷത വഹിച്ച ചടങ്ങിൽ കാർഷിക സർവകലാശാല വൈസ് ചാൻസലർ ഡോ. ബി അശോക് മുഖ്യ പ്രഭാഷണം നടത്തി. പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്റർ ഡോ. അലൻ തോമസ് പദ്ധതി രൂപരേഖ അവതരിപ്പിച്ചു. നബാർഡ് ചെയർമാൻ ഡോ. ഷാജി കെ.വി കെഅഗ്ടെക് ലോഞ്ച്പാഡ് ഡിസൈൻ പ്രകാശനം നിർവഹിക്കുകയും ധാരണാപത്രം കൈമാറുകയും ചെയ്തു. വെസ്റ്റേൺ സിഡ്നി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ജോർജ് വില്യംസ് എ.ഒ ഓൺലൈനായി ചടങ്ങിൽ പങ്കെടുത്തു. തെരഞ്ഞെടുത്ത ഇൻക്യുബഷേൻ സാങ്കേതിക വിദ്യകളുടെ പ്രകാശനം വെസ്റ്റേൺ സിഡ്നി സർവകലാശാല പ്രോ വൈസ് ചാൻസലർ ഡോ. നിക്കോളിൻ മർഡോക് നിർവഹിച്ചു. ഡോ നിഷാ രാകേഷ് വെസ്റ്റേൺ സിഡ്നി സർവകലാശാലയുമുള്ള സഹകരണത്തെക്കുറിച്ച് വിശദീകരിച്ചു. കല്ലിയൂർ ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് സോമശേഖരൻ നായർ ചടങ്ങിൽ സംബന്ധിച്ചു. ഡീൻ ഡോ. റോയ് സ്റ്റീഫൻ സ്വാഗതമാശംസിച്ച ചടങ്ങിൽ ഡോ. എം എച്ച് ഫൈസൽ നന്ദി അറിയിച്ചു.

കാർഷിക മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് ഇൻക്യുബേഷൻ പിന്തുണയും, ആശയവൽക്കരണത്തിൽ നിന്ന് വിപണിയിലെത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ നൽകൽ എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി കേരള കാർഷിക സർവകലാശാലയിൽ ആരംഭിക്കുന്ന പദ്ധതിയാണ് കെഅഗ്ടെക് ലോഞ്ച് പാഡ്. കേരള കാർഷിക സർവ്വകലാശാലയും നബാർഡും വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റിയും സംയുക്തമായാണ് ഈ പദ്ധതിക്ക് നേതൃത്വം നൽകുന്നത്.

നബാർഡിന്റെ ഗ്രാമീണ ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ (ആർ.ബി.ഐ.സി) പദ്ധതിയായി 2025 മുതൽ അഞ്ചുവർഷത്തേക്ക് 1457.5 ലക്ഷം രൂപയാണ് ഈ സംരംഭത്തിനായി വകയിരുത്തിയിരിക്കുന്നത്. ഇതോടൊപ്പം ഓസ്ട്രേലിയയിലെ വെസ്റ്റേൺ സിഡ്നി യൂണിവേഴ്സിറ്റിയുടെ സാങ്കേതിക സഹായത്തോടെ ഒരു ഹൈടെക് കൃഷി യൂണിറ്റ് വെള്ളായണി കാർഷിക കോളേജിൽ സ്ഥാപിക്കും.

കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ്, വൈവിധ്യവൽക്കരണം എന്നിവയിലൂടെ കർഷകരുടെയും സംരംഭകരുടെയും വരുമാന വർദ്ധനവിനുള്ള സാധ്യത ഉറപ്പുവരുത്തുക, കാർഷിക മേഖലയിലുള്ള സ്റ്റാർട്ടപ്പുകൾക്ക് ആവശ്യമായ സാങ്കേതിക സാമ്പത്തിക പിന്തുണ നൽകുകയും ഇൻക്യുബേഷന് വേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്യുക, സ്ത്രീ സംരംഭകർക്ക് പ്രാമുഖ്യം നൽകി അവരെ ശാക്തീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക, ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ (എ.ഐ) സഹായത്തോടെ വിവിധ വിളകളിലെ കൃത്യതാ കൃഷിക്കുള്ള സാങ്കേതിക വിദ്യകൾ ഉരുത്തിരിച്ചെടുക്കുക എന്നിവയൊക്കെയാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ.

# സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പുറപ്പെടുവിക്കുന്ന ജാഗ്രതാ നിർദേശങ്ങൾ

ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകും. അതുകൊണ്ട് പൊതുജനങ്ങൾ താഴെ പറയുന്ന നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

- പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കുക.

- പരമാവധി ശുദ്ധജലം കുടിക്കുക. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക.

- നിർജലീകരണമുണ്ടാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് ശീതള പാനീയങ്ങൾ തുടങ്ങിയവ പകൽ സമയത്ത് ഒഴിവാക്കുക.

- അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.

- പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും.

- പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഛങ്ങട ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

- മാർക്കറ്റുകൾ, കെട്ടിടങ്ങൾ, മാലിന്യശേഖരണനിക്ഷേപ കേന്ദ്രങ്ങൾ (ഡംപിങ് യാർഡ്) തുടങ്ങിയ ഇടങ്ങളിൽ തീപിടുത്തങ്ങൾ വർധിക്കാനും വ്യാപിക്കാനുമുള്ള സാധ്യത കൂടുതലാണ്. ഫയർ ഓഡിറ്റ് നടത്തേണ്ടതും കൃത്യമായ സുരക്ഷാ മുൻകരുതൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ഇവയോട് ചേർന്ന് താമസിക്കുന്നവരും സ്ഥാപനങ്ങൾ നടത്തുന്നവരും പ്രത്യേകം ജാഗ്രത പാലിക്കുക.

- ചൂട് അധികരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ വ്യാപിക്കാനുള്ള സാധ്യതയുണ്ട്. വനമേഖലയോട് ചേർന്ന് താമസിക്കുന്നവരും വിനോദ സഞ്ചാരികളും പ്രത്യേകം ജാഗ്രത പാലിക്കണം. കാട്ടുതീ ഉണ്ടാകാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കണം. വനം വകുപ്പിൻറെ നിർദേശങ്ങൾ കർശനമായി പാലിക്കണം.

- വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളം ഉറപ്പാക്കേണ്ടതും ക്ലാസ്മുറികളിൽ വായു സഞ്ചാരം ഉറപ്പാക്കേണ്ടതുമാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.

- വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദ സഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ 3 വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക.

- അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം.

- കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

- ഇരുചക്ര വാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും ആവശ്യമെങ്കിൽ യാത്രയ്ക്കിടയിൽ അല്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.

- മാധ്യമപ്രവർത്തകരും പോലീസ് ഉദ്യോഗസ്ഥരും ഈ സമയത്ത് കുടകൾ ഉപയോഗിക്കുകയും നേരിട്ട് വെയിൽ ഏൽക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്യുക. ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥർക്ക് കുടിവെള്ളം നൽകി നിർജലീകരണം തടയാൻ സഹായിക്കുക.

- പൊതുപരിപാടികൾ, സമ്മേളനങ്ങൾ എന്നിവ നടത്തുമ്പോൾ പങ്കെടുക്കുന്നവർക്ക് ആവശ്യമായ കുടിവെള്ളം, തണൽ എന്നിവ ലഭ്യമാണെന്ന് സംഘാടകർ ഉറപ്പുവരുത്തുക. പകൽ 11 മുതൽ വൈകുന്നേരം 3 വരെ കഴിവതും സമ്മേളനങ്ങൾ ഒഴിവാക്കുക.

- യാത്രയിലേർപ്പെടുന്നവർ ആവശ്യമായ വിശ്രമത്തോടെ യാത്ര തുടരുന്നതാകും നല്ലത്. കയ്യിൽ വെള്ളം കരുതുക.

- നിർമാണത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, വഴിയോരക്കച്ചവടക്കാർ, മറ്റേതെങ്കിലും കാഠിന്യമുള്ള ജോലികളിൽ ഏർപ്പെടുന്നവർ എന്നിവർ ജോലി സമയം ക്രമീകരിക്കുക. ജോലിയിൽ ആവശ്യമായ വിശ്രമം ഉറപ്പ് വരുത്തുക.

* ഉച്ചവെയിലിൽ കന്നുകാലികളെ മേയാൻ വിടുന്നതും മറ്റു വളർത്തുമൃഗങ്ങളെ വെയിലത്ത് കെട്ടിയിടുന്നതും ഒഴിവാക്കണം. മൃഗങ്ങൾക്കും പക്ഷികൾക്കും ജലലഭ്യത ഉറപ്പാക്കുക.

- കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ പാർക്ക് ചെയ്ത വാഹനങ്ങളിൽ ഇരുത്തി പോകാൻ പാടില്ല.

- ജലം പാഴാക്കാതെ ഉപയോഗിക്കാനും മഴ ലഭിക്കുമ്പോൾ പരമാവധി ജലം സംഭരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. നിർജലീകരണം തടയാൻ എപ്പോഴും ഒരു ചെറിയ കുപ്പിയിൽ കുടിവെള്ളം കയ്യിൽ കരുതുക.

- അസ്വസ്ഥതകൾ അനുഭവപ്പെട്ടാൽ ഉടനെ വിശ്രമിക്കുകയും വൈദ്യസഹായം തേടുകയും ചെയ്യുക.

- കാലാവസ്ഥാ വകുപ്പിന്റെയും ദുരന്ത നിവാരണ അതോറിറ്റിയുടെയും ഔദ്യോഗിക മുന്നറിയിപ്പുകൾ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുക.

- ചൂടുമായി ബന്ധപ്പെട്ട വിവിധ ഭാഷകളിലുള്ള സുരക്ഷാമുൻകരുതൽ നിർദേശങ്ങളുടെ ബ്രോഷറുകൾ https://sdma.kerala.gov.in/brochures-2/ എന്ന ലിങ്കിൽ ലഭ്യമാണ്.



# വിജ്ഞാനകേരളം ജനകീയ ക്യാംപയിൻ: റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം പൂർത്തിയായി

**കോട്ടയം:** അഭ്യസ്തവിദ്യർക്ക് തൊഴിലും വിദ്യാർഥികൾക്ക് തൊഴിൽപരിശീലനവും ഒരുക്കുന്ന വിജ്ഞാന കേരളം ജനകീയ ക്യാംപയിൻ ജില്ലയിൽ സജീവമാകുന്നു. തദ്ദേശ സ്വയം ഭരണ വകുപ്പിന് കീഴിൽ കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിലുള്ള പദ്ധതിക്ക് കിലയുടെയും കുടുംബശ്രീ മിഷന്റെയും സമ്പൂർണ പങ്കാളിത്തം ഉണ്ട്.

ഒരു വർഷം അഞ്ചുലക്ഷം പേർക്ക് തൊഴിൽ, രണ്ടുലക്ഷം പേർക്ക് നൈപുണ്യ പരിശീലനം എന്നീ പ്രഖ്യാപനത്തോടെ ആയിരുന്നു സംസ്ഥാന തലത്തിൽ പദ്ധതിയുടെ തുടക്കം. ജില്ലയിൽ തദ്ദേശസ്ഥാപന അടിസ്ഥാനത്തിൽ പദ്ധതി കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നിലവിൽ പുരോഗമിക്കുന്നത്.

പ്രവർത്തനം താഴേതട്ടിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിൽ 360 റിസോഴ്സ് പേഴ്സൺമാരെയാണ് പ്രവർത്തനസജ്ജരാക്കിയിട്ടുണ്ട്. ഇവരിൽ 100 ജില്ലാതല റിസോഴ്സ് പേഴ്സൺ, 78 കമ്മ്യൂണിറ്റി അംബാസിഡർ, 78 സിഡിഎസ് ചെയർ പേഴ്സൺ, 86 സാക്ഷരത പ്രേരക്, 18 മാസ്റ്റർ ട്രെയിനർ എന്നിവരുണ്ട്. സാക്ഷരതാ പ്രേരക്, സിഡിഎസ് ചെയർ പേഴ്സൺ, കമ്മ്യൂണിറ്റി അംബാസിഡർ എന്നിവർക്കുള്ള ജില്ലാതല പരിശീലനം പൂർത്തീകരിച്ചിട്ടുള്ളതാണ്.

ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ എന്നിവിടങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടവരാണ് ഇവർ. ആദ്യഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തിലും നഗരസഭാതലത്തിലും പരിശീലനങ്ങൾ സംഘടിപ്പിക്കും. സന്നദ്ധ പ്രവർത്തനത്തിന് താൽപര്യമുള്ള യുവതീയുവാക്കളെയാണ് ഇതിനായി തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി തദ്ദേശതലങ്ങളിൽ നടക്കുന്ന തൊഴിൽമേളകൾ അടക്കമുള്ള പരിപാടികളുടെ ഏകോപനം ഇവരായിരിക്കും നിർവഹിക്കുക.

ജില്ലയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാർക്കുള്ള പരിശീലനം തെള്ളകം ചൈതന്യ പാസ്റ്റർ സെന്ററിൽനടന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഹേമലത പ്രേം സാഗർ ഉദ്ഘാടനം ചെയ്തു. ജില്ലാ പഞ്ചായത്ത് വികസനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മഞ്ജു സുജിത്ത് അധ്യക്ഷത വഹിച്ചു. കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ അഭിലാഷ് ദിവാകർ സ്വാഗതം ആശംസിച്ചു. വിജ്ഞാനകേരളം പദ്ധതി ഉപദേഷ്ടാവ് ഡോക്ടർ ടി എം തോമസ് ഐസക്ക് പദ്ധതി വിശദീകരണം നൽകി. പരിശീലനത്തിന്റെ വിവിധ സെഷനുകൾ കെ ഡിസ്ക് പ്രോഗ്രാം എക്സിക്യൂട്ടീവ് മാരായ നൈമ ഷാജി, ബാസിൽ റഷീദ് എന്നിവർ നയിച്ചു. കില ജില്ലാ ഫെസിലിറ്റേറ്റർ ബിന്ദു അജി, ആർ.ജി.എസ്.എ.ജില്ലാ കോർഡിനേറ്റർ സിന്ദുര സന്തോഷ്, കെ.കെ.ഇ.എം. ജില്ലാ പ്രോഗ്രാം മാനേജർ കെ.ജി. പ്രീത എന്നിവർ പങ്കെടുത്തു.

# സ്റ്റുഡന്റ്സ് സേവിങ് സ്കീം: 97 ശതമാനം സ്കൂളുകളിലും പദ്ധതി തുടങ്ങി

**കോട്ടയം:** ദേശീയ സമ്പാദ്യ പദ്ധതിയുടെ ഭാഗമായുള്ള സ്റ്റുഡന്റ്സ് സേവിങ് സ്കീമിൽ സംസ്ഥാനത്ത് ഈ വർഷം ഏറ്റവുമധികം നിക്ഷേപം ലഭിച്ചത് കോട്ടയം ജില്ലയിൽ. കൂടുതൽ സ്കൂളുകളെ ചേർത്ത ജില്ലയും കോട്ടയമാണ്. ജില്ലയിൽ 862 സർക്കാർ, എയിഡഡ് സ്കൂളുകളുള്ളതിൽ 836 ഇടത്തും(97 ശതമാനം) പദ്ധതി തുടങ്ങി. പദ്ധതിയിൽ ചേർന്ന 26793 കുട്ടികളിൽ നിന്നായി 86,24,637 രൂപയാണ് മാർച്ച് 12 വരെയുള്ള നിക്ഷേപം. 322 രൂപയാണ് ഒരു കുട്ടിയുടെ ശരാശരി നിക്ഷേപം. 20 ശതമാനം കുട്ടികൾ പദ്ധതിയിൽ ചേർന്നു.



അടുത്ത അധ്യയനവർഷം ജില്ലയിലെ മുഴുവൻ വിദ്യാർഥികളെയും പദ്ധതിയുടെ ഭാഗമാക്കാൻ ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കർമപദ്ധതികളാവിഷ്കരിച്ചു. എല്ലാ സർക്കാർ, എയിഡഡ് സ്കൂളുകളും പദ്ധതിയുടെ ഭാഗമാകുന്നുവെന്ന് ഉറപ്പാക്കാൻ ജില്ലാ കളക്ടർ ജോൺ വി. സാമുവലിന്റെ അധ്യക്ഷതയിൽ കളക്ടറുടെ ചേംബറിൽ ചേർന്ന യോഗം തീരുമാനിച്ചു. ഇതിനായി എ.ഇ.ഒ. തലത്തിൽ യോഗം ചേരുകയും സ്കൂളുകളിൽ പ്രത്യേക പി.ടി.എ. യോഗങ്ങൾ ചേരുകയും ചെയ്യും. പി.ടി.എ. യോഗങ്ങളിൽ ദേശീയ സമ്പാദ്യപദ്ധതി വകുപ്പിന്റെ ജില്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർ നേരിട്ടെത്തി പദ്ധതിയേക്കുറിച്ച് വിശദീകരിക്കും. രക്ഷിതാക്കൾക്കിടയിൽ പ്രചാരണവും അവബോധവും നടത്തും.

ദേശീയ സമ്പാദ്യവകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പ്, ട്രഷറി വകുപ്പ് എന്നിവയുടെ സംയുക്ത നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കിവരുന്നത്. സർക്കാർ, എയിഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർഥികൾക്കു പദ്ധതിയിൽ ചേരാം. കുട്ടികളായിരിക്കുമ്പോൾ തന്നെ സമ്പാദ്യശീലം വളർത്തുകയെന്ന ലക്ഷ്യത്തോടെയുള്ള പദ്ധതിയിലൂടെ ബാങ്കിങ് പ്രവർത്തനങ്ങളേക്കുറിച്ചുള്ള അവബോധവും വിദ്യാർഥികൾക്ക് ലഭിക്കുന്നു.

നിലവിൽ നാലുശതമാനം പലിശയാണ് പദ്ധതിയിലെ നിക്ഷേപത്തിന് നൽകുന്നത്. ഡി.ഇ.ഒ., എ.ഇ.ഒ. തലത്തിൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിലയിരുത്തലും യോഗത്തിൽ നടന്നു.

ദേശീയ സമ്പാദ്യപദ്ധതി ഡെപ്യൂട്ടി ഡയറക്ടർ ജ്യോതി ദാമോദരൻ, അസിസ്റ്റന്റ് ഡയറക്ടർ കെ.ജെ. ഷോബിച്ചൻ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായ ഇ.ടി. രാഗേഷ്, എം.ആർ. സുനിമോൾ, സി. സത്യപാലൻ എന്നിവർ യോഗത്തിൽ പങ്കെടുത്തു

# ക്ഷയരോഗം വിഷയമായി റീൽസ് മത്സരം

**തിരുവനന്തപുരം:** ക്ഷയരോഗ നിവാരണത്തിനായി നൂറുദിന പരിപാടികളുടെ ഭാഗമായി ജില്ലാ ഭരണകൂടവും ആരോഗ്യവകുപ്പും സംയുക്തമായി വീഡിയോ/റീൽസ് മത്സരം സംഘടിപ്പിക്കുന്നു. ക്ഷയരോഗം എന്നതാണ് വിഷയം.

വീഡിയോ/റീൽസ് തയ്യാറാക്കി സ്വന്തം ഫേസ്ബുക്/യൂട്യൂബ്/ഇൻസ്റ്റഗ്രാം പേജിൽ പങ്കുവെക്കുകയാണ് വേണ്ടത്. വീഡിയോ ലിങ്ക്, വീഡിയോ ചെയ്തയാളുടെ പേര്, വിലാസം, ഫോൺ നമ്പർ എന്നിവ 9633944922 എന്ന വാട്സാപ്പ് നമ്പറിലേക്ക് അയക്കണം. മത്സരത്തിൽ പങ്കെടുക്കുന്നവർ കോഴിക്കോട് സ്ഥിര താമസക്കാരോ ജോലി ചെയ്യുന്നവരോ പഠിക്കുന്നവരോ ആയിരിക്കണം.

ഒന്നിലധികം പേർ ചേർന്ന് ചെയ്യുന്ന വീഡിയോ ആണെങ്കിൽ മറ്റുള്ളവരെ പ്രതിനിധീകരിച്ചു ഒരാളുടെ പേരും വിലാസവും അയച്ചാൽ മതി. കൂടുതൽ കാഴ്ചക്കാരെ ലഭിച്ച വീഡിയോയ്ക്ക് 10,000 രൂപയും പ്രശസ്തി പത്രവും സമ്മാനിക്കും. പ്രശസ്തിപത്രം ജില്ലാ കളക്ടർ സമ്മാനിക്കും. സമ്മാന തുക പിന്നീട് ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുന്നതാണ്.

ഒരേ വീഡിയോ ഒന്നിലധികം അക്കൗണ്ടുകളിൽ പങ്കുവെക്കുന്ന പക്ഷം കൂടുതൽ കാഴ്ചക്കാരെ ലഭിച്ച വീഡിയോ പരിഗണിക്കും. വീഡിയോ മാർച്ച് 10 നും 21 നും ഇടക്ക് പങ്കുവെച്ചവയായിരിക്കണം. 22ാം തിയതി വരെയുള്ള കാഴ്ചക്കാരുടെ എണ്ണമാണ് മത്സരത്തിന് പരിഗണിക്കുക.

# സൗരോർജ തൂക്കുവേലി നിർമ്മാണോദ്ഘാടനം നിർവഹിച്ചു

**തൃശൂർ:** കാടിനെയും വന്യജീവികളെയും മനുഷ്യരാശിയെയും സംരക്ഷിക്കാനുള്ള വിവിധ ശ്രമങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നതെന്ന് വനം, വന്യജീവി വകുപ്പ് മന്ത്രി എ കെ ശശീന്ദ്രൻ. ചാലക്കുടിയിൽ സൗരോർജ്ജ തൂക്കു വേലിയുടെ നിർമ്മാണോദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വനം, വന്യജീവി വകുപ്പ് നബാർഡിന്റെ സഹകരണത്തോടെ ചാലക്കുടി ഡിവിഷനിൽ 2.24 കോടി രൂപയിൽ ചാലക്കുടി പുഴയോരത്ത് വിരിപ്പാറ മുതൽ കണ്ണൻകുഴി തോട് വരെ പരിയാരം, അതിരപ്പിള്ളി പഞ്ചായത്തുകളിലൂടെ 18 കിലോമീറ്റർ നീളത്തിലാണ് സൗരോർജ തൂക്കുവേലി നിർമ്മിക്കുന്നത്.

ചാലക്കുടി വാഴച്ചാൽ ഡിവിഷനുകളിലായി ഏകദേശം 80 കിലോമീറ്റർ ദൂരത്തിലാണ് സൗരോർജ തൂക്കുവേലി സ്ഥാപിക്കുന്നത്. കേരളത്തിൽ ആദ്യമായാണ് ഇത്രയും ദൂരത്തിൽ സൗരോർജ്ജ തൂക്കുവേലി സ്ഥാപിക്കുന്നത്. വനത്തിനുള്ളിൽ ജലസമൃദ്ധി ഉറപ്പുവരുത്താനുള്ള പദ്ധതികൾക്ക് ഇപ്രാവശ്യം സർക്കാർ മുൻഗണന നൽകിയിട്ടുണ്ട് എന്ന് മന്ത്രി കൂട്ടിച്ചേർത്തു.

അരൂർമുഴി കമ്മ്യൂണിറ്റി ഹാളിൽ നടന്ന നിർമ്മാണ ഉദ്ഘാടന ചടങ്ങിൽ ചാലക്കുടി നിയോജക മണ്ഡലം എംഎൽഎ സനീഷ് കുമാർ ജോസഫ് അധ്യക്ഷത വഹിച്ചു.

സി സി എഫ് സെൻട്രൽ സർക്കിൾ ഡോ. ആർ ആടലരശൻ ഐഎഫ്എസ്, ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വേണു കണ്ഠരുമഠത്തിൽ, അതിരപ്പിള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ കെ റിജേഷ്, പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മായാ ശിവദാസൻ, കോടശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ പി ജയിംസ് , മലയാറ്റൂർ വനം ഡിവിഷൻ ഡി എഫ് ഒ കുറ ശ്രീനിവാസ് ഐ എഫ് എസ്, തൃശ്ശൂർ വനം ഡിവിഷൻ ഡിഎഫ് ഒ രവികുമാർ മീണ ഐ എഫ് എസ്, ചാലക്കുടി വനം ഡിവിഷൻ ഡി എഫ് ഒ എം വെങ്കടേശ്വരൻ ഐ എഫ് എസ്, ജില്ലാ പഞ്ചായത്ത് മെമ്പർ ജിനീഷ് പി ജോസ്, ബ്ലോക്ക്, ഗ്രാമ പഞ്ചായത്ത് മെമ്പർമാർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സമ്മർ സ്റ്റാർട്ട് അപ് ഫെസ്റ്റിനൊരുങ്ങി തൃശ്ശൂർ ഗവ. എഞ്ചിനീയറിങ് കോളജ്

**തൃശൂർ:** കോളേജ് വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സ്മോൾ ഇൻഡസ്ട്രീസ് ഡെവലപ്പ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (സിഡ്ബി) യുടെ സഹകരണത്തോടെ നടത്തുന്ന സമ്മർ സ്റ്റാർട്ട് അപ് ഫെസ്റ്റിവലിന്റെ മൂന്നാം പതിപ്പിന് ഇന്ന് തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജിൽ തുടക്കമാകും. സ്റ്റാർട്ട് അപ്പുകൾക്ക് ധനസഹായത്തിനൊപ്പം നൂതന ആശയങ്ങളും കണ്ടുപിടുത്തങ്ങളും അവതരിപ്പിക്കാനും, സംരംഭക മോഹങ്ങളെ ഉത്തേജിപ്പിക്കുന്നതിലൂടെ സ്റ്റാർട്ട് അപ് സംവിധാനങ്ങളെ വളർത്തിയെടുക്കുന്നതിനും സമ്മർ സ്റ്റാർട്ട്അപ് ഫെസ്റ്റിവൽ വേദി ഒരുക്കും.

സ്വാവലംബൻ ചെയർ ഫോർ എം.എസ്.എം.ഇ സൊല്യൂഷ്യൻസുമായി സഹകരിച്ച് നടത്തുന്ന ഫെസ്റ്റിവൽ പ്രാദേശിക തലത്തിൽ ജനങ്ങളിലും വിദ്യാർത്ഥികളിലും സംരംഭകത്വ മനോഭാവം വളർത്തിയെടുക്കുന്നതിനും നൂതന ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്. പഠനത്തിന് പുറമെ തൊഴിൽ സംരംഭങ്ങൾക്ക് വഴി തുറക്കാനും ഊർജ്ജം പകരാനുമായി കോളേജുകൾ വഴി പുതുസംരംഭങ്ങൾ തുടങ്ങാൻ സിഡ്ബി നടപ്പാക്കുന്ന സ്വാവലംബൻ ചെയർ ഫോർ എം.എസ്.എം.ഇ സൊല്യൂഷ്യൻസ് പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം ലഭിച്ച കോളേജാണ് തൃശ്ശൂർ ഗവ. എഞ്ചിനീയറിംഗ് കോളേജ്.

നിക്ഷേപകരും സംരംഭകരും തമ്മിലുള്ള കൂടിക്കാഴ്ചകൾ, സ്റ്റാർട്ട് അപ് ആശയങ്ങളുടെ അവതരണം, വിവിധ വാണിജ്യ മാതൃകകളുടെ വിശകലനം തുടങ്ങി നിരവധി പരിപാടികൾ ഫെസ്റ്റിവലിന്റെ ഭാഗമായി നടക്കും.

# സ്ഥിരം പരാതി പരിഹാര അദാലത്തുമായി കൊച്ചി നഗരസഭ

**കൊച്ചി:** കൊച്ചി നഗരസഭയിൽ പൊതുജനങ്ങളുടെ പരാതികളും തർക്കങ്ങളും നഗരസഭാ തലത്തിൽ തന്നെ പരിഹരിക്കുന്നതിനായി സ്ഥിരം പരാതി പരിഹാര അദാലത്ത് വരുന്നു.നഗരസഭയുടെ പ്രധാന ഓഫീസും ആറ് മേഖലാ ഓഫീസുകളും ഉൾപ്പെടുത്തിയാണ് സൗജന്യവും കാര്യക്ഷമവുമായ നിയമ സേവനം നൽകി, സ്ഥിരം പരാതി പരിഹാര അദാലത്ത് എന്ന സംവിധാനം നിലവിൽ വരുന്നതെന്ന് കൊച്ചി മേയർ അഡ്വ. എം. അനിൽകുമാർ പറഞ്ഞു . നഗരസഭയുടെയും കേരള സംസ്ഥാന നിയമ സേവന അതോറിറ്റിയുടേയും ജില്ലാ നിയമ സേവന അതോറിറ്റിയുടേയും സംയുക്താഭിമുഖ്യത്തിലാണ് അദാലത്ത് സംഘടിപ്പിക്കുന്നത് കേരള മുനിസിപ്പാലിറ്റി നിയമത്തിൻറെ പരിധിയിൽ വരുന്നതും കൊച്ചി നഗരസഭയിൽ യഥാവിധി അപേക്ഷ നൽകിയിട്ടുള്ളതും എന്നാൽ സമയപരിധിക്കുള്ളിൽ സേവനം ലഭ്യമാകാത്ത വിഷയങ്ങളിലുള്ള പരാതികൾ/നിവേദനങ്ങൾ, തീർപ്പാകാതെയുള്ള പൊതുജനങ്ങളുടെ പരാതികൾ/നിവേദനങ്ങൾ വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ ഉൾപ്പെടെയുള്ളവയുടെ പരിഹാരത്തിന് സാമ്പത്തിക ചെലവില്ലാതെ സമീപിക്കാം.

അതാത് നഗരസഭ ഓഫീസുകളിൽ സ്ഥാപിച്ചിട്ടുള്ള പരാതിപ്പെട്ടിയിൽ പരാതികൾ/നിവേദനങ്ങൾ എന്നിവ നിക്ഷേപിക്കാവുന്നതാണ്. പരാതികൾ ക്രോഡീകരിച്ച് നിയമ സേവന അതോറിറ്റിയിലേയ്ക്ക് കൈമാറുന്നതും തുടർച്ചയായ കാലയളവുകളിൽ പരാതികൾ/നിവേദനങ്ങളുമായി ബന്ധപ്പെട്ട് അദാലത്തുകൾ നടത്തുന്നതുമാണ്.

അദാലത്തിൽ കേസ് നിലവിലുള്ളവ, ലൈഫ്, അതിദാരിദ്യം, ജീവനക്കാരുടെ സർവ്വീസ് വിഷയങ്ങൾ തുടങ്ങിയവ സംബന്ധിച്ച പരാതികൾ പരിഗണിക്കില്ലെന്നും മേയർ അറിയിച്ചു.

അദാലത്തിന്റെ ഉദ്ഘാടനം നാളെ വൈകുന്നേരം മൂന്നിന് എറണാകുളം ഇ.എം.എസ്. മെമ്മോറിയൽ ടൗൺ ഹാളിൽ നടകുന്ന സമ്മേളനത്തിൽ മന്ത്രി പി. രാജീവ് നിർവ്വഹിക്കും. ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ് മുഖ്യ പ്രഭാഷണം നടത്തും.

ഹൈക്കോടതി മുൻ ജഡ്ജിയും ഗാന്ധിയൻ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ഹാർമണിയുടെ അധ്യക്ഷനുമായ ജസ്റ്റിസ് എം.ആർ. ഹരിഹരൻ നായർ പദ്ധതി വിശദീകരിക്കും.



# വടവുകോട് ബ്ലോക്ക് പഞ്ചായത്ത് ബജറ്റ്: സമ്പൂർണ്ണ ഭവന നിർമ്മാണത്തിന് 5 കോടി

**കോലഞ്ചേരി:** സമ്പൂർണ്ണ ഭവന നിർമ്മാണത്തിന് മുൻതൂക്കം നൽകി വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്  അനു അച്ചു അവതരിപ്പിച്ചു. കേന്ദ്ര, കേരള സർക്കാരുകളുടെ ഭവന പദ്ധതികളായ പി എം എ വൈ ലിസ്റ്റിലും ലൈഫ് ഭവന പദ്ധതി ലിസ്റ്റിലും ഉൾപ്പെട്ട അർഹരായ ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ മുഴുവൻ പേർക്കും വീട് നൽകുന്ന സമ്പൂർണ്ണ ഭവന പദ്ധതിക്കായി കേന്ദ്ര കേരള സർക്കാരുകളുടെയും മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ധനസഹായത്തോടെ നടപ്പാക്കുന്നതിനായി 5 കോടി രൂപ വകയിരുത്തി. കടയിരിപ്പ് വടവുകോട് സി എച്ച് സി കളിൽ മരുന്നു വാങ്ങുന്നതിന് 20 ലക്ഷം രൂപയും സെക്കൻഡറി പാലിയേറ്റീവ് 20 ലക്ഷം രൂപയും താൽക്കാലിക ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കുമായി ആരോഗ്യമേഖലയ്ക്ക് ആകെ 1 കോടി രൂപ വകയിരുത്തി.ക്ഷീരകർഷകർക്ക് പാലിനും കാലിത്തീറ്റക്കും സബ്സിഡിയായി 60 ലക്ഷം രൂപ വകയിരുത്തി. കാർഷിക മേഖലയിൽ വിവിധ പദ്ധതികൾക്കായി 24 ലക്ഷം രൂപ വകയിരുത്തി.ഭിന്നശേഷി വിദ്യാർഥിനികളുടെ സ്കോളർഷിപ്പിനായി 27 ലക്ഷം രൂപയും കലോത്സവത്തിന് 2 ലക്ഷം രൂപയും വകയിരുത്തി.

സ്ത്രീകളുടെ സാമ്പത്തിക ഉന്നമനത്തിനും സ്വയംതൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുമായി 40 ലക്ഷം രൂപ വകയിരുത്തി. പട്ടികജാതി വിഭാഗങ്ങളുടെ സമഗ്ര വികസനത്തിന് 1 കോടി രൂപ വകയിരുത്തി.

പശ്ചാത്തല മേഖലയിൽ റോഡ് നിർമ്മാണത്തിനും പുനരുദ്ധാരണത്തിനായി 1.5കോടി രൂപ വകയിരുത്തി. മഹാത്മാഗാന്ധി ദേശീയ തുള്ളർപ്പ് പദ്ധതി നടത്തിപ്പിൽ ഈ സാമ്പത്തിക വർഷം 5 ലക്ഷം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ ബജറ്റ് ലക്ഷ്യമിടുന്നു. ആകെ 27 കോടി രൂപ ചിലവഴിക്കാൻ ഉദ്ദേശിക്കുന്നു. മറ്റ്സ്ഥാപനങ്ങളിൽ നിന്നുള്ള സിഎസ്ആർ ഫണ്ട് ഉൾപ്പെടെ 17,9047,782 വരവും 17,853,0500 ചിലവും 5,17282 നീക്കിയിരുപ്പുമുള്ള ബജറ്റ് ആണ് അവതരിപ്പിച്ചത്. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് റസീന പരീത് വഹിച്ചു.

പഞ്ചായത്ത് പ്രസിഡന്റുമാരായ സോണിയ മുരുകേശൻ,ടി പി വർഗീസ്, ഡീന ദീപക്, സിൻസി ബൈജു, ഷീജ വിശ്വനാഥൻ, സ്റ്റാൻ ന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ ജൂബിൾ ജോർജ്, രാജമ്മ രാജൻ, ടി ആർ വിശ്വപ്പൻ, ആസൂത്രണ സമിതി ഉപാദ്യക്ഷ്യൻ സി പി ജോയി, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ജ്യോതികുമാർ ട, മെംബർമാരായ ശ്രീജ അശോകൻ, ഓമന നന്ദകുമാർ, ഷൈജ റെജി, സ്വാതി രമ്യ ദേവ്, കെ സി ജയചന്ദ്രൻ, ജോണി പി പി, രാഖി പി എസ്, ബേബി വർഗീസ് എന്നിവർ സംസാരിച്ചു.

## നടപ്പാതകൾ കേന്ദ്രികരിച്ചുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കണം

**കൊച്ചി:**നടപ്പാതകൾ കേന്ദ്രീകരിച്ചുള്ള അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന് കണയന്നൂർ താലൂക്ക് വികസന സമിതി. കലൂർ, കത്രിക്കടവ്, പുല്ലേപ്പടി ജംഗ്ഷൻ, തമ്മനം റോഡ്, എറണാകുളം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ റോഡ് എന്നിവിടങ്ങളിൽ നടപ്പാതകൾ കയ്യേറി പ്രവർത്തിക്കുന്ന അനധികൃത കടകൾക്ക് എതിരെ നടപടി വേണമെന്നായിരുന്നു സമിതി ആവശ്യമുയർന്നത്.

മരട് മുൻസിപ്പാലിറ്റി മുതൽ കാളത്തറ സ്കൂൾ വരെ ഉള്ള സ്ഥലങ്ങളിലെ കയ്യേറ്റങ്ങളും തൃപ്പൂണിത്തുറ കിഴക്കേകോട്ടയിലുള്ള അനധികൃത ഓട്ടോറിക്ഷ പാർക്കിംഗും ഒഴിപ്പിക്കണം. തൃപ്പൂണിത്തുറ മുൻസിപ്പൽ പരിധിയിലെ പുതുശ്ശേരി റോഡിലും സമീപപ്രദേശങ്ങളിലുമുള്ള രൂക്ഷമായ കൊതുകുശല്യം ഇല്ലാതാക്കാൻ അടിയന്തിരമായി ശുചീകരണ പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ആവശ്യം യോഗത്തിൽ ആവശ്യം ഉയർന്നു.മഴക്കാലത്തിന് മുന്നോടിയായി സ്ലാബുകളും കാനകളും വൃത്തിയായി പരിപാലിക്കാൻ എടുക്കേണ്ട നടപടികളും യോഗം ചർച്ച ചെയ്തു.

എറണാകുളം കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിലും സമീപപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമം അടിയന്തിരമായി പരിഹരിക്കാൻ ജല അതോറിറ്റിക്ക് നിർദ്ദേശം നൽകി.

ചമ്പക്കര പാലം മുതൽ ഒജൻ വരെയുള്ള പ്രദേശത്ത് പകൽ സമയങ്ങളിലും തെരുവുവിളക്കുകൾ കത്തിക്കിടക്കുന്ന സാഹചര്യം ഇല്ലാതാക്കാനുള്ള നടപടികൾ സ്വീകരിക്കാനും തീരുമാനമായി.

# സംസ്കൃത സർവ്വകലാശാലയിൽ ദേശീയ പ്രഭാഷണ പരമ്പര 17 മുതൽ

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വേദാന്ത വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ദേശീയ പ്രഭാഷണപരമ്പര മാർച്ച് 17ന് രാവിലെ 10ന് സർവ്വകലാശാലയുടെ കാലടി മുഖ്യക്യാമ്പസിലുള്ള മീഡിയ സെന്ററിൽ ആരംഭിക്കും. വൈസ് ചാൻസലർ പ്രൊഫ. കെ. കെ. ഗീതാകുമാരി പ്രഭാഷണ പരമ്പര ഉദ്ഘാടനം ചെയ്യും. കാലടി ശൃംഗേരിമഠം മാനേജർ പ്രൊഫ. എ.സുബ്രഹ്മണ്യ അയ്യർ മുഖ്യപ്രഭാഷണം നിർവ്വഹിക്കും. സംസ്കൃതം വേദാന്തവിഭാഗം മേധാവി ഡോ. ജി. നാരായണൻ അദ്ധ്യക്ഷനായിരിക്കും ഡോ. കെ. യമുന, ഡോ. സൂസൻ തോമസ്, ഡോ. വി. വസന്തകുമാരി, ഡോ. കെ.വി. സുരേഷ് എന്നിവർ പ്രസംഗിക്കും. ഡോ. വി. വാസുദേവൻ, ഡോ. സി.ആർ. സന്തോഷ് എന്നിവർ തുടർന്നുള്ള ദിവസങ്ങളിൽ വിവിധ വിഷയങ്ങളിൽ പ്രഭാഷണം നടത്തും. മാർച്ച് 21ന് രാവിലെ 10ന് നടക്കുന്ന സമാപനസമ്മേളനത്തിൽ സിൻഡിക്കേറ്റ് അംഗം ഡോ. എം. സത്യൻ, സമാപനസന്ദേശം നല്കും. ഡോ. ജി. നാരായണൻ അധ്യക്ഷനായിരിക്കും. ഡോ. എസ്. ഷീബ, ഡോ. വി. വസന്തകുമാരി എന്നിവർ പ്രസംഗിക്കും.

# സംസ്കൃത സർവ്വകലാശാല: ടൈംടേബിൾ പ്രസിദ്ധീകരിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ രണ്ടും, നാലും സെമസ്റ്റർ എം.എ., എം.എസ് സി., എം.പി.ഇ.എസ്., എം.എസ്.ഡബ്ല്യു., എം.എഫ്.എ., ഡി.എം.എം., രണ്ടാം സെമസ്റ്റർ പി.ജി. ഡിപ്ലോമ, ഡിപ്ലോമ, നാലും ആറും സെമസ്റ്റർ ബി.എ., രണ്ടും നാലും ആറും ഏഴും എട്ടും സെമസ്റ്റർ ബി.എഫ്.എ., രണ്ടും ആറും സെമസ്റ്റർ ബി.എഫ്.എ. (റീഅപ്പിയറൻസ്) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. ഏപ്രിൽ രണ്ടിന് പരീക്ഷകൾ ആരംഭിക്കും. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.



# കുസാറ്റ് കലോത്സവം സർഗം 2025 ന് തുടക്കമായി

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ കലോത്സവം സർഗ്ഗം25 ന് ഇന്നലെ എം എൽ എ റോജി ജോൺ ഉദ്ഘാടനം ചെയ്തു. എഴുത്തുകാരനും റേഡിയോ ജോക്കിയും നടനുമായ ജോസഫ് അന്നംക്കുട്ടി ജോസ് മുഖ്യാതിഥിയായി.

19 വരെ ആറു ദിവസം നീളുന്ന കലോത്സവത്തിൽ 'നവരസ' എന്ന ഒന്നാം വേദിയിൽ തുടങ്ങി നവരസങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് 9 സ്റ്റേജുകൾ ഉൾപ്പടെ 11 വേദികളിലായി വിവിധയിനം മത്സരങ്ങളാണ് സംഘടിപ്പിക്കുന്നത്.

ഫാഷൻ ഷോ, സ്റ്റാൻഡ് അപ്പ് കോമഡി എന്നീ പുതിയ മത്സരയിനങ്ങൾ ഉൾപ്പടെ 105 പരിപാടികൾ അരങ്ങേറുന്ന കലോത്സവത്തിൽ ആയിരത്തിൽപ്പരം വിദ്യാർത്ഥികൾ തങ്ങളുടെ കഴിവുകൾ മാറ്റുരയ്ക്കും.

# കുസാറ്റിൽ അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനീയർ ഒഴിവ്

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല എഞ്ചിനീയറിങ് വകുപ്പിൽ  അസിസ്റ്റൻറഡ് എക്സിക്യൂട്ടിവ് എൻജിനീയർ (ഇലക്ട്രിക്കൽ) ഒഴിവിലേക്ക് ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലുള്ള നിയമനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

സർക്കാർ വകുപ്പുകൾ, ബോർഡുകൾ, സർവകലാശാലകൾ എന്നിവടങ്ങളിൽ പ്രവൃത്തിപരിചയമുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്കും  (ഇലക്ട്രിക്കൽ) ഉയർന്ന പദവിയിലുള്ള  ഉദ്യോഗസ്ഥർക്കും അപേക്ഷിക്കാം.

താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷയോടൊപ്പം വയസ്സ്, വിദ്യഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, തുടങ്ങിയവ തെളിയിക്കുന്ന രേഖകൾ മാർച്ച് 29 നകം 'രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല, കൊച്ചി 682022' എന്ന വിലാസത്തിൽ 'ആപ്ലിക്കേഷൻ ഫോർ ദി പോസ്റ്റ് ഓഫ് അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എൻജിനീയർ (ഇലക്ട്രിക്കൽ) ഓൺ ഡെപ്യൂട്ടേഷൻ ബേസിസ്' എന്ന കുറിപ്പോടുകൂടി  അയക്കുക.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വനിതാസൗഹൃദ തൊഴിൽ നയം അനിവാര്യം

## കെഎംഎ വിമെൻ മാനേജേഴ്സ് കോൺക്ലേവ് സംഘടിപ്പിച്ചു

**കൊച്ചി:** രാജ്യത്ത് എല്ലാ മേഖലകളിലും വനിതകൾ കടന്ന് വന്നിട്ടുണ്ടെങ്കിലും നേതൃ സ്ഥാനങ്ങളിലുള്ള വനിതകളുടെ എണ്ണം ഇന്നും വളരെ കുറവാണെന്ന് ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ കേരള മേധാവി ഗീതിക വർമ്മ. വനിതകൾക്ക് കഴിവ് ഇല്ലാത്തതിനാലോ ആവശ്യത്തിന് വനിതകളെ ലഭ്യമല്ലാത്തതിനാലോ അല്ല വനിതാ സൗഹൃദ സംവിധാനത്തിന്റെയും നിസഹകരണത്തിന്റെയും ഫലമാണിതെന്നും അവർ ചൂണ്ടിക്കാട്ടി. കേരള മാനേജ്മെന്റ് അസോസിയേഷൻ (കെഎംഎ) സംഘടിപ്പിച്ച വിമെൻ മാനേജേഴ്സ് കോൺക്ലേവ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഗീതിക. വനിതകളെ പ്രോത്സാഹിപ്പിക്കാനും ആത്മവിശ്വാസം വാളർത്തുന്നതിനുമായി കൂടുതൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. വനിതാ സൗഹൃദ തൊഴിൽ നയങ്ങൾ അനിവാര്യമെന്നും അവർ കൂട്ടിച്ചേർത്തു. വനിതകൾ കൂടുതൽ ഉത്തരവാദിത്വം ഏറ്റെടുക്കാൻ സ്വയം മുന്നോട്ട് വരണം. ഇന്ത്യൻ ഓയിൽ കോർപ്പറേഷനിൽ വനിതാ ശാക്തീകരണം പറയുക മാത്രമല്ല പ്രവർത്തിയിൽ തന്നെ തെളിയിച്ചിട്ടുണ്ട്. നേതൃഗുണം എന്നത് അവസരങ്ങൾക്കായി കാത്തിരിക്കലല്ല. വനിതകൾ പരമാവധി യോഗങ്ങളിൽ പങ്കെടുക്കുകയും ശബ്ദമുയർത്തുകയും വേണം.കോർപ്പറേറ്റ് ലോകത്തിനു കൂടുതൽ വനിതകളെ കൂടുതലായി ആവശ്യമുണ്ട്. വനിത എന്നത് ഒരിടത്തും ഒന്നിനും തടസ്സമാകാൻ പാടില്ലെന്നും ഗീതിക വർമ്മ പറഞ്ഞു.പുരുഷാധിപത്യമുല്ല സമൂഹത്തിൽ സ്ത്രീയായി ജീവിക്കേണ്ടി വരുന്നത് അത്ര എളുപ്പമുള്ള കാര്യമല്ലെന്ന് മുഖ്യാതിഥിയായി പങ്കെടുത്ത ചലച്ചിത്ര താരം ശ്രുതി രാമചന്ദ്രൻ പറഞ്ഞു. വനിതകൾക്ക് തീരുമാനം എടുക്കാൻ കഴിയില്ല എന്നൊരു മിഥ്യാധാരണ പൊതുവേയുണ്ട്. എന്നാൽ പരസ്യങ്ങളുടെ തൊണ്ണൂറു ശതമാനവും വനിതകളെ ടാർഗറ്റ് ചെയ്തിട്ടുള്ളതാണ്. എന്നാൽ വനിതകളുടെ തീരുമാനങ്ങൾ വളരെ ചെറുതായാണ് സമൂഹം കാണുന്നതെന്നും ശ്രുതി പറഞ്ഞു. മറ്റുള്ളവർ നമ്മെ കേൾക്കുന്നതിനായി കാത്തിരിക്കുന്നതിനേക്കാൾ നല്ലത് നമ്മെ തന്നെ കേൾക്കാൻ ശ്രമിക്കുന്നതാണെന്നും ശ്രുതി പറഞ്ഞു.കെഎംഎ പ്രസിഡന്റ് ബിബു പുന്നൂരാൻ അധ്യക്ഷത വഹിച്ചു. വിമെൻ മാനേജേഴ്സ് കോൺക്ലേവ് ചെയർ ലേഖാ ബാലചന്ദ്രൻ സ്വാഗതവും കെഎംഎ ട്രഷറർ ദിലീപ് നാരായണൻ നന്ദിയും പറഞ്ഞു.


ഷീന സുരേഷ് (എൻ ഐ ടി സൂറത്കൽ), ജയനി ബെനെയിം (ഇ ഡി ആൻഡ് ചെയർപേഴ്സൺ ബെനെയിംസ് ഗ്രൂപ്പ്), സൂസൻ എബ്രഹാം (ഇൻഫ്ളുവൻസർ), ക്രിസ്റ്റൽ ഹർട്ട് സിംഗ് (സഹസ്ഥാപക, മാനേജിംഗ് ട്രസ്റ്റി ദിൽ സെ), അനീറ്റ കാട്ടൂക്കാരൻ (ഫൗണ്ടർ ആൻഡ് സിഇഒ, റോബോകിഡ്സ്) എന്നിവർ വിവിധ വിഷയങ്ങളിൽ പ്രഭാഷണങ്ങൾ നടത്തി.

ആക്സിലറേറ്റ് എംപവറിങ് വിമെൻ ഇൻ ഫിൻടെക് എന്ന പാനൽ ചർച്ചയിൽ എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. ഇന്ദു നായർ മോഡറേറ്ററായി. നിത്യ വാസുദേവൻ, നിമിഷ വടക്കൻ, ശാലിനി സി ബാബു എന്നിവർ പങ്കെടുത്തു.

നെക്സ്റ്റ് ജെൻ ലീഡേഴ്സ് പേവിങ് ദി വേ എന്ന വിഷയത്തിലെ പാനൽ ചർച്ചയിൽ എസ് സി എം എസ് ഗ്രൂപ്പ് ഡയറക്ടർ ഡോ. രാധ തേവന്നൂർ മോഡറേറ്ററായിരുന്നു. ആരതി വർമ്മ, തേജസ്വി ലാവ, സ്നേഹ ജിസ് കൊട്ടുകാപ്പിള്ളി, മറിയം ഹഫീസ് എന്നിവർ പങ്കെടുത്തു.

# മുത്തൂറ്റ് ഫിനാൻസ്: സ്വർണ പണയ വായ്പാ ആസ്തി ഒരു ലക്ഷം കോടി കടന്നു

**കൊച്ചി:** രാജ്യത്തെ മുൻനിര ബാങ്ക് ഇതര ധനകാര്യ സ്ഥാപനമായ മുത്തൂറ്റ് ഫിനാൻസ് കൈകാര്യം ചെയ്യുന്ന സ്വർണ പണയ വായ്പാ ആസ്തികൾ ഒരു ലക്ഷം കോടി രൂപ കടന്നു. സ്റ്റോക് എക്സചേഞ്ചുകളിൽ ഫയൽ ചെയ്ത വിവരത്തിലാണ് മുത്തൂറ്റ് ഫിനാൻസ് ഇക്കാര്യം വെളിപ്പെടുത്തിയത്. 2025 മാർച്ച് 13ലെ കണക്കുകൾ പ്രകാരമാണ് സ്ഥാപനം ഈ നാഴികക്കല്ലു പിന്നിട്ടത്.മികവുകൾ നേടുന്നതിലും ഉപഭോക്തൃ സേവനങ്ങൾ നൽകുന്നതിലും തങ്ങൾക്കുള്ള അചഞ്ചലമായ പ്രതിബദ്ധതയുടേയും തലമുറകളായി വളർത്തിക്കൊണ്ടു വന്ന വിശ്വാസ്യതയുടേയും പ്രതിഫലനമാണ് സ്വർണ പണയ വായ്പാ ആസ്തികൾ ഒരു ലക്ഷം കോടി രൂപ കടന്നു എന്ന നേട്ടമെന്ന് മുത്തൂറ്റ് ഫിനാൻസ് മാനേജിങ് ഡയറക്ടർ ജോർജ്ജ് അലക്സാണ്ടർ മുത്തൂറ്റ് പറഞ്ഞു.ഈ നേട്ടം കൈവരിക്കാൻ പ്രതിബദ്ധതയോടെ പ്രവർത്തിച്ച ജീവനക്കാർ, ഉപഭോക്താക്കൾ, ബാങ്കിങ് പങ്കാളികൾ, നിക്ഷേപകർ, ഓഹരി ഉടമകൾ, എൻസിഡി നിക്ഷേപകർ തുടങ്ങി എല്ലാവർക്കും നന്ദി അറിയിക്കുന്നു. സുസ്ഥിരവും ശക്തവുമായ ഒരു സാമ്പത്തിക അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ മാർഗ്ഗനിർദ്ദേശവും മേൽനോട്ടവും നൽകിയ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഉൾപ്പെടെയുള്ള വിവിധ റെഗുലേറ്റർമാർക്കും നന്ദി രേഖപ്പെടുത്തുന്നു. ദീർഘകാല വളർച്ച, ഉപഭോക്തൃ കേന്ദ്രീകൃത നവീകരണങ്ങൾ, ഡിജിറ്റൽ പരിവർത്തനം എന്നിവയ്ക്ക് മുൻതൂക്കം നൽകി എൻബിഎഫ്സി മേഖലയിൽ തങ്ങളുടെ നേതൃത്വം കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# ഐകൂ നിയോ 10ആർ അവതരിപ്പിച്ചു

**കൊച്ചി:** യുവ ഉപഭോക്താക്കളെയും ഗെയിമിംഗ് പ്രേമികളെയും ലക്ഷ്യമിട്ട് ഐകൂ തങ്ങളുടെ പുതിയ സ്മാർട്ട്ഫോണായ നിയോ 10 ആർ അവതരിപ്പിച്ചു. സ്നാപ്ഡ്രാഗൺ 8s ജെൻ 3 പ്രോസസറുമായി എത്തുന്ന ഫോണിന് 1.7 ദശലക്ഷത്തിലധികം ആൻ ടുടു സ്കോർ ഉണ്ട്.തുടർച്ചയായി അഞ്ച് മണിക്കൂർ വരെ 90 എഫ്പിഎസ് ഗെയിമിംഗ് അനുഭവം നൽകുന്ന നിയോ 10 ആർ,ഇന്ത്യയിലെ ഏറ്റവും കനം കുറഞ്ഞ 6400 എംഎഎച്ച് ബാറ്ററിയാണ് ഫോണിന്റെ മറ്റൊരു സവിശേഷത. 80 വാട്സ് ഫാസ്റ്റ് ചാർജിംഗ് സൗകര്യവും ഇതിലുണ്ട്. 1.5 കെ അമോലെഡ് ഡിസ്പ്ലേ, 50 എംപി മെയിൻ ക്യാമറ, 4 4കെ 60 എഫ്പിഎസ് വീഡിയോ റെക്കോർഡിംഗ് സൗകര്യം തുടങ്ങിയവ ഫോണിൽ ലഭ്യമാണ്.റേജിംഗ് ബ്ലൂ, മൂൺനൈറ്റ് ടൈറ്റാനിയം എന്നീ നിറങ്ങളിലാണ് ഐകൂ നിയോ 10ആർ വിപണിയിലെത്തുന്നത്. ഐക്യുഒ നിയോ 10 ആർ 26,999 രൂപ മുതൽ ആരംഭിക്കുന്നുവെന്ന് കമ്പനി അധികൃതർ അറിയിച്ചു.

# വർമ്മ ഹോംസിന് നാഷണൽ സേഫ്റ്റി കൗൺസിൽ പുരസ്കാരം

**കൊച്ചി:** നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്ററിന്റെ 54ാമത് നാഷണൽ സേഫ്റ്റി വാരാചരണത്തോട് അനുബന്ധിച്ച് ഏർപ്പെടുത്തിയ സുരക്ഷാ പുരസ്ക്കാരങ്ങൾക്ക് പ്രമുഖ ബിൽഡറായ വർമ്മ ഹോംസിന്റെ രണ്ട് പ്രൊജക്ടുകൾ അർഹമായി. റെസിഡൻഷ്യൽ അപ്പാർട്മെന്റ് കാറ്റഗറിയിൽ തിരുവനന്തപുരത്ത് പൂജപ്പുരയിലുള്ള വർമ്മ ഡോ. പൈസ് ലെഗസിയും സിവിൽ കൺസ്ട്രക്ഷൻ കാറ്റഗറിയിൽ ശ്രീകാര്യത്തുള്ള വർമ്മ ശ്രീകാര്യവുമാണ് അഭിനന്ദൻ പത്രയ്ക്ക് അർഹമായത്. മുൻവർഷങ്ങളിലും വർമ്മ ഹോംസിന്റെ വിവിധ പ്രോജക്ടുകൾക്ക് ഈ പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സാമൂഹിക സുരക്ഷയ്ക്ക് പ്രാമുഖ്യം നൽകിയുള്ള പ്രവർത്തനങ്ങൾക്ക് ലഭിച്ച ഈ അംഗീകാരം കൂടുതൽ ഉത്തരവാദിത്വത്തോടെ മുന്നേറാൻ കരുത്തേകുന്നുവെന്ന് കമ്പനി മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ അറിയിച്ചു. കേരളത്തിലുടനീളം 16 ഓൺ ഗോയിംഗ് പ്രോജക്ടുകളാണ് നിലവിൽ കമ്പനിയ്ക്കുള്ളത്.

# കോളോറെക്ടൽ ക്യാൻസർ: സ്ക്രീനിംഗ് പാക്കേജുമായി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ

**കൊച്ചി:** കോളോറെക്ടൽ ക്യാൻസർ അവെയർനെസ്സ് മാസത്തോടനുബന്ധിച്ച് ഡിപ്പാർട്മെന്റ് ഓഫ് ഗ്യാസ്ട്രോ സയൻസിന്റെ നേതൃത്വത്തിൽ കോളോറെക്ടൽ ക്യാൻസർ സ്ക്രീനിംഗ് പാക്കേജുമായി അങ്കമാലി അപ്പോളോ അഡ്‌ലക്സ് ഹോസ്പിറ്റൽ.കൊളനോസ്കോപ്പി/ഒ ജി ഡി സ്കോപ്പി, അൾട്രാസൗണ്ട്, ക്യാൻസർ മാർക്കർ ടെസ്റ്റുകൾ ഉൾപ്പെടെയുള്ള 20ൽ അധികം പരാമീറ്റർ ചെക്കപ്പുകൾ 4999 രൂപയ്ക്ക് ലഭ്യമാകും.മാർച്ച് 1 മുതൽ ആരംഭിച്ച സ്ക്രീനിംഗ് മാർച്ച് 31 വരെ ലഭ്യമായിരിക്കും. കൂടുതൽ വിവരങ്ങൾക്കായി 8593882299 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ആൽക്കം ലൈഫ് സയൻസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** ഇന്ത്യയിൽ ഫാർമ സ്യൂട്ടിക്കൽ , സ്പെഷ്യാലിറ്റി കെമിക്കൽ മേഖയിലെ മുൻനിര ഉത്പാദകരമായ ആൽക്കം ലൈഫ് സയൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു.

190 കോടിയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ ഓഹരി ഒന്നിന് പത്ത് രൂപ മുഖവിലയുള്ള 7,155,000 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.എംകെ ഗ്ലോബൽ ഫിനാൻഷ്യൽ സർവീസാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർ

സൊസൈറ്റി ടുഡേ
SOCIETY TODAY



# ടാറ്റാ പവറും എൻഎസ്ഡിസിയും കൈകോർക്കുന്നു


**കൊച്ചി:** വൈദ്യുത മേഖലയിൽ മികച്ച തൊഴിൽ സേനയെ സജ്ജമാക്കാനും ശേഷി വികസനം സാധ്യമാക്കാനും ലക്ഷ്യമിട്ട് ടാറ്റാ പവറും നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപറേഷനും (എൻഎസ്ഡിസി)യും സഹകരണത്തിനു തുടക്കം കുറിച്ചു. നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപറേഷൻ അക്കാദമി വൈസ് പ്രസിഡൻറ് നിതിൻ കപൂർ, ടാറ്റ പവർ സ്കിൽ ഡെവലപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് മേധാവി അലോക് പ്രസാദ് എന്നിവർ ഇത് സംബന്ധിച്ച ധാരണാ പത്രത്തിൽ ഒപ്പു വെച്ചു. സഹകരണത്തിൻറെ ഭാഗമായി ടാറ്റ പവർ സ്കിൽ ഡെവലപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് ഹരിത ഊർജ്ജം, വൈദ്യുതി പ്രസരണം, വിതരണം, ഈ മേഖലകളിലെ സുരക്ഷ തുടങ്ങിയവയിൽ കഴിവുകൾ വികസിപ്പിക്കുന്ന പരിപാടികൾ സംഘടിപ്പിക്കും. നാഷണൽ സ്കിൽ ഡെവലപ്മെൻറ് കോർപറേഷൻ ഇതിൻറെ പരിശീലന പങ്കാളിയാകും. പരിശീലനത്തിനു വിധേയരാകുന്നവർക്ക് വ്യവസായ മേഖലയ്ക്ക് ആവശ്യമായ തൊഴിൽ ചെയ്യാനുള്ള കഴിവുണ്ടെന്ന് ഉണ്ടെന്ന് ഉറപ്പാക്കും. വൈദ്യുത പ്രസരണ മേഖലയുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലാകും പാഠ്യ പദ്ധതി.ടാറ്റാ പവർ സ്കിൽ ഡെവലപ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ട് ഇതിനകം തന്നെ മൂന്നു ലക്ഷത്തിലേറെ പേരെ ബോധവൽക്കരിക്കുകയും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രാജ്യത്ത് കൂടുതൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഇൻസ്റ്റിറ്റ്യൂട്ട് ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ പ്രവർത്തിക്കുന്ന 11 കേന്ദ്രങ്ങൾക്കു പുറമെ ആരംഭിക്കുന്ന പുതിയ കേന്ദ്രങ്ങൾ രാജ്യത്തിൻറെ വിവിധ മേഖലകളിലുള്ള യുവാക്കൾക്ക് ഗുണമേൻമയുള്ള തൊഴിൽ പരിശീലനം നേടാൻ അവസരം നൽകും.എൻഎസ്ഡിസിയുമായുള്ള പങ്കാളിത്തത്തിന് തങ്ങൾ വളരെ വലിയ മൂല്യമാണു കൽപിക്കുന്നതെന്ന് ടാറ്റാ പവർ സസ്റ്റൈനബിലിറ്റി ആൻറ് സിഎസ്ആർ സിഎച്ച്ആർഒ മേധാവി ഹമൽ തിവാരി പറഞ്ഞു. ഭാവിയിലേക്ക് ആവശ്യമായ തൊഴിൽ സേനയെ വാർത്തെടുക്കാനുള്ള തങ്ങളുടെ പ്രതിബദ്ധതയോട് ചേർന്നു പോകുന്നതാണിത്. എൻഎസ്ഡിസിയുമായുള്ള സഹകരണം ഇൻസ്റ്റിറ്റ്യൂട്ടിൻറെ മികവിനെ ഉയർത്തിക്കാട്ടുകയാണ്. ഇപ്പോഴുള്ള 11 കേന്ദ്രങ്ങൾക്കു പുറമെ കൂടുതൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് സാന്നിധ്യം വിപുലീകരിക്കുകയാണ് ലക്ഷ്യം. ഇതിലൂടെ തങ്ങൾ ഇന്ത്യയുടെ ഹരിത ഊർജ്ജ മേഖല കൂടുതൽ ശക്തമാക്കുകയും അവിടെ കഴിവുള്ളവരെ കൂടുതൽ ലഭ്യമാക്കുകയും ആത്മനിർഭർ ഭാരതിനായി അർത്ഥവത്തായ സംഭാവനകൾ നൽകുകയും ചെയ്യുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ടിപിഎസ്ഡിഐയുമായും ടാറ്റാ പവറുമായും ഉള്ള ഈ പങ്കാളിത്തം ഇന്ത്യയിലെ ശേഷി വികസനത്തിൻറെ കാര്യത്തിൽ നാഴികക്കല്ലാണെന്ന് എൻഎസ്ഡിസി അക്കാദമി വൈസ് പ്രസിഡൻറ് നിതിൻ കപൂർ പറഞ്ഞു. ടാറ്റാ പവർ സസ്റ്റൈനബിലിറ്റി ആൻറ് സിഎസ്ആർ സിഎച്ച്ആർഒ മേധാവി ഹമൽ തിവാരി, എൻഎസ്ഡിസി അക്കാദമി ജനറൽ മാനേജർ വരുൺ ബത്ര, സൗത്ത് ഈസ്റ്റ് യുപി പവർ ട്രാൻസ്മിഷൻ കമ്പനി പ്രസരണ പദ്ധതി മേധാവി സച്ചിൽ മജുംദാർ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

## ഉപഭോക്താക്കളുടെ എണ്ണത്തിൽ മൂന്ന് മടങ്ങ് വർധനയെന്ന് ജിയോ

**കൊച്ചി:** 5ജി ഫിക്സഡ് വയർലസ് അധിഷ്ഠിത ജിയോഫൈബർ സേവനത്തിൽ വൻകുതിപ്പുമായി റിലയൻസ് ജിയോ. കൂടുതൽ വീടുകളെ പദ്ധതിയിലേക്ക് കൂട്ടിച്ചേർക്കുന്നതിൽ മൂന്ന് മടങ്ങ് വർധനയാണ് റിലയൻസ് ജിയോ രേഖപ്പെടുത്തിയത്. ഏറ്റവും പുതിയ പാദത്തിലെ കണക്കനുസരിച്ച് 4.5 ദശലക്ഷം വീടുകൾ 5ജി ഫിക്സഡ് വയർലെസ് അധിഷ്ഠിത ജിയോഎയർ ഫൈബർ കണക്ഷനെടുത്തിട്ടുണ്ട്. 5ജി ഫിക്സഡ് വയർലെസ് കണക്ഷനിൽ പുതുതായി കൂട്ടിച്ചേർക്കപ്പെട്ട വീടുകളുടെ 85% ജിയോഎയർ ഫൈബറാണ്, ഈ വരിക്കാരിൽ ഏകദേശം 70% പേരും മുൻനിരയിലുള്ള ആയിരം പട്ടണങ്ങൾക്കും നഗരങ്ങൾക്കും പുറത്തുള്ളവരാണെന്നതും ശ്രദ്ധേയമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

സിഎൽഎസ്എ റിസർച്ച് അടുത്തിടെ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നതനുസരിച്ച്, വിശാലമായ സേവന ലഭ്യത ഇന്ത്യയിലുടനീളമുള്ള മുൻനിര നഗരങ്ങൾക്കും പട്ടണങ്ങൾക്കും പുറത്തുള്ള സ്ഥലങ്ങളിൽ നിന്ന് ആവശ്യകത വർധിപ്പിക്കുന്നു എന്നാണ്. 17 ദശലക്ഷം വരുന്ന ആർജിയോ ഹോം സബ്സ്ക്രൈബർമാർ ഇതിനകം തന്നെ മുന്നിലാണ്.

ദേശീയാടിസ്ഥാനത്തിൽ ഫിക്സഡ് വയർലെസ് സേവനങ്ങൾ ലഭ്യമാക്കുന്ന ഇന്ത്യയിലെ ഏക ടെലികോം ഓപ്പറേറ്റാണ് റിലയൻസ് ജിയോ. സ്വതന്ത്രമായ 5ജി സംവിധാനങ്ങൾ സജ്ജീകരിക്കാനുള്ള ജിയോയുടെ ശേഷിയാണ് ഇതിന് കാരണം. 2000ത്തോളം നഗരങ്ങളിൽ നോൺ സ്റ്റാൻഡ് എലോൺ 5ജി നെറ്റ് വർക്ക് സേവനത്തിലധിഷ്ഠിതമായാണ് എയർടെൽ ഫിക്സഡ് വയർലെസ് സേവനങ്ങൾ ലഭ്യമാക്കുന്നതെന്ന് അടുത്തിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. നിലവിലുള്ള 4ജി നെറ്റ് വർക്ക് ശൃംഖലകളെ ഉപയോഗപ്പെടുത്തിയുള്ള സജ്ജീകരണമാണ് നോൺ സ്റ്റാൻഡ് എലോൺ 5ജി നെറ്റ് വർക്ക് പോയിന്റുകൾ. 2024 ഡിസംബർ പാദത്തിൽ രണ്ട് മില്യൺ പുതിയ വീടുകളെയാണ് തങ്ങളുടെ ശൃംഖലയിലേക്ക് റിലയൻസ് ജിയോ കൂട്ടിച്ചേർത്തതെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



## നയൻതാരയും വിഘ്നേഷും ഹാവെൽസ് ഇന്ത്യ ബ്രാൻഡ് അംബാസിഡർമാർ

**കൊച്ചി:** ഇന്ത്യയിലെ ഇലക്ട്രിക്കൽ വ്യവസായത്തിലെ മുൻനിരയിലുള്ള ഹാവെൽസ്, നയൻതാരയെയും വിഘ്നേഷ് ശിവനെയും ദക്ഷിണേന്ത്യൻ വിപണിക്കായി ബ്രാൻഡ് അംബാസഡർമാരായി പ്രഖ്യാപിച്ചു. ഇരുവരും ചേർന്ന് ഹവെൽസിന്റെ വിവിധ ഉൽപ്പന്നങ്ങൾ പ്രമോട്ട് ചെയ്യും, പ്രത്യേകിച്ച് പ്രീമിയം ഫാനുകൾ, ചെറിയ ഗൃഹോപകരണങ്ങൾ, ലൈറ്റിംഗ് സജ്ജീകരണങ്ങൾ, സ്വിച്ചുകൾ, വാട്ടർ ഹീറ്ററുകൾ, ഐഒടി ഉൽപ്പന്നങ്ങൾ, വയറുകൾ, അടുക്കള ഉപകരണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള വിപുലമായ ഉൽപ്പന്ന ശ്രേണിയാണ് ഹാവെൽസിനുള്ളത്.

ദക്ഷിണേന്ത്യൻ വിപണികളെ ലക്ഷ്യമിട്ട് ടിവി, പ്രിന്റ്, ഡിജിറ്റൽ, ഔട്ട്ഡോർ, ബടിഎ ൽ പ്ലാറ്റ്ഫോമുകൾ എന്നിവയിൽ വ്യാപക പിന്തുണയോടെയുള്ള പുതിയ കമ്മ്യൂണിക്കേഷൻ ക്യാമ്പെയിൻ ഉടൻ പുറത്തിറക്കുമെന്ന് കമ്പനി അറിയിച്ചു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com
Better Homes, Better Lives!



THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007
15 YEAR GUARANTEE
100% GUARANTEED
ISO 9001 CERTIFIED
LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663